(എഫ്) സ്വാശ്രയ പദ്ധതി കുടുംബശ്രീ നടപ്പിലാക്കുന്നില്ല.

(ജി) നിർമ്മാണ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ, ഹഡ്കോയുടെ സഹായത്തോടെ വനിതകൾക്ക് വിദഗ്ധ പരിശീലനം നൽകി 'കുടുംബശ്രീ കൺസ്ട്രക്ഷൻസ്' എന്ന പേരിൽ സംഘം രൂപീകരിച്ചിട്ടുണ്ട്. ഈ സംഘം വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. നിലവിൽ എറണാകുളം, പാലക്കാട് ജില്ലകളിലാണ് പരിശീലനം ലഭിച്ച സംഘം പ്രവർത്തിക്കുന്നത്. സംസ്ഥാന ടൈബൽ വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിലെ എടക്കാട്ടുവയലിൽ 100 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികൾ

335 (1778) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണത്തിനായി ഇതേവരെ ധനകാര്യ വകുപ്പ് അനുവദിച്ച തുക എത്രയാണെന്നും അതിൽ എസ്.സി.പി./ടി.എസ്.പി. ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ ;

(സി) ഇതേവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി പൊതുവിലും എസ്.സി.പി/ ടി.എസ്.പി. ഇനത്തിലും വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്ക്. ബഡ്ജറ്റിൽ 3841.57 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 അനുവദിച്ചത് (കോടി രൂപയിൽ)

	ജില്ലാ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമ പഞ്ചായത്ത്
പൊതു ആവശ്യഫണ്ട്	22.57	31.91	539.34
സംരക്ഷണ നിധി (റോഡിതരം)	69.06	48.29	252.64
സംരക്ഷണ നിധി (റോഡ്)	190.51	...	568.79
വികസന ഫണ്ട്	301.27	303.79	727.51
എസ്.സി.പി.	111.68	111.68	335.04
ടി.എസ്.പി.	19.21	19.21	57.65
കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്	...	...	403.9
ആകെ	714.33	514.9	2884.9

(സി) ഇതേവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി പൊതുവിൽ 5424.22 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 2.12 കോടി രൂപ എസ്.സി.പി.-യിലും, 1.39 കോടി രൂപ ടി.എസ്.പി.-യിലും ചെലവഴിച്ചിട്ടുണ്ട്. (ലഭ്യമായിട്ടുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം)

ത്രിതല പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ചെലവായ തുക

336 (1779) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ ത്രിതല പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കുവാൻ എന്ത് തുകയാണ് ചെലവായത്; ശതമാന കണക്ക് വിശദമാക്കാമോ ;

(ബി) ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly